# മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

പാപത്തെപരാജയപ്പെടുത്തി, പിതൃഹിതം ജീവിച്ച് സ്വർഗ്ഗാരോപിതയായ പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും അടിമത്വത്തിന്റെ ചങ്ങലകളെ പൊട്ടിച്ചെറിഞ്ഞ് ഭാരതം സ്വാതന്ത്ര്യയായതിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. സ്വർഗ്ഗാരോപണത്തിരുന്നാൾ ആഘോഷങ്ങൾ പരിശുദ്ധ അമ്മയോടുള്ള ഭക്തിയിൽ വളർന്ന് വരുവാൻ മിഷനറിമാരായ നമ്മെ ഓരോരുത്തരെയും ശക്തിപ്പെടുത്തട്ടെ.

അടിമത്വത്തിൽനിന്നും സ്വാതന്ത്ര്യത്തിന്റെ വിഹായുസ്സിലേക്ക് പറന്നുയരുവാൻ നമ്മെ സഹായിച്ച നല്ല വ്യക്തിത്വങ്ങളെ സ്വാതന്ത്ര്യദിനത്തിൽ നന്ദിയോടെ ഓർക്കാം...അവർക്കായി പ്രാർത്ഥിക്കാം. ആർസിലെ ശാപഭൂമിയെ പുണ്യഭൂമിയാക്കിമാറ്റിയ വി.ജോൺമരിയ വിയാനിയുടെ ജീവിത മാതൃക നമുക്ക് മാർഗ്ഗദീപമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എല്ലാ വൈദികർക്കും തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : സ്വർഗ്ഗാരോപണ തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : വി. ജോൺ മരിയ വിയാനി |
| പ്രാർത്ഥനാനിയോഗം | : ചെറുപുഷ്പമിഷൻലീഗ് ദേശീയസമിതിയുടെ നിയോഗങ്ങൾക്കുവേണ്ടി |
| സുകൃതജപം | : വി.തോമാശ്ലീഹായേ, ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കേണമേ. |
| സങ്കീർത്തനപാരായണം | : സങ്കീർ: 25 - 36 അദ്ധ്യായങ്ങൾ |
| സംഘടനയെ അറിയാം | :ചെറുപുഷ്പമിഷൻലീഗ് ആദർശവാക്യം |

### 1) ശാഖകൾ ശ്രദ്ധിക്കാൻ

| | |
|---|---|
| 1 ഞായർ | : പതിനഞ്ച് നോമ്പ് ആരംഭം |
| 3 ചൊവ്വ | : ശ്രീ ജെയ്സൺ മർക്കോസ് മൂന്നാം ചരമവാർഷികം, അനുസ്മരണം |
| 4 ബുധൻ | : വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ |
| 11 ബുധൻ | : മിഷൻലീഗ് സ്ഥാപകനേതാവ് പി സി അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 12-ാം ചരമവാർഷികം. |
| 15 ഞായർ | : പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാൾ, ഇന്ത്യൻ സ്വാതന്ത്ര്യദിനം |
| 29 ഞായർ | : അൽഫോൻസാ ക്വിസ്സ്, വി.എവുപ്രാസ്യാമ്മയുടെ തിരുനാൾ. |

**2) മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, കുഞ്ഞേട്ടൻ അനുസ്മരണം, മേഖലാ സാഹിത്യമത്സരം - കൗൺസിൽ വാർഷികം. അൽഫോൻസാ ക്വിസ്സ്, വി. യൗസേപ്പിതാവിന്റെ ജീവിതത്തെ അടിസ്ഥാനമാക്കി ഡോക്യുമെന്ററി നിർമ്മിക്കുക, മുൻകാല മിഷൻലീഗ് ഭാരവാഹികളുടെ ഇന്റർവ്യൂ വീഡിയോ തയ്യാറാക്കുക, പ്ലാറ്റിനം ജൂബിലി ആന്തമത്സരം, കോവിഡ് പ്രതിരോധ പ്രാർത്ഥനായജ്ഞം - ആരാധന.

**3) മേഖലാ ഡയറക്ടേഴ്സ് വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ്**

ചെറുപുഷ്പ മിഷൻലീഗ് 2021 – 2022 പ്രവർത്തന വർഷത്തിലെ മേഖലാ തലപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പുതിയ പ്രവർത്തന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുമായി ഈ മാസം മേഖലാഡയറക്ടേഴ്സ് വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ് Zoom വഴി നടത്തപ്പെടുന്നതാണ് എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ.

**4) മിഷൻ പച്ചക്കറിത്തോട്ടം**

പച്ചക്കറിത്തോട്ട മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ശാഖകൾ സെപ്റ്റംബർ 20 ന് മുമ്പ് അതിരൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**നിബന്ധനകൾ**

- ♦ മിനിമം 1 സെന്റ് സ്ഥലമുണ്ടായിരിക്കണം.
- ♦ ഏഴിനും 10 നുമിടയിൽ പച്ചക്കറി ഇനങ്ങൾ ഉണ്ടായിരിക്കണം.
- ♦ സ്ഥലമൊരുക്കാൻ, വിത്തിടൽ, സംരക്ഷണം, വിളശേഖരണം തുടങ്ങിയ വിവിധ ഘട്ടങ്ങളിലെ കുട്ടികളുടെ പ്രവർത്തനം വ്യക്തമാക്കുന്ന ഫോട്ടോകൾ അതത് സമയങ്ങളിൽ ഇ മെയിൽ ചെയ്യേണ്ടതാണ്. cmltly01@gmail.com.
- ♦ ശാഖകളുടെ പേരോടുകൂടിയ മിഷൻ പച്ചക്കറിത്തോട്ടം എന്ന നെയിം ബോർഡ് ആദ്യാവസാനം ഉണ്ടായിരിക്കേണ്ടതാണ്.
- ♦ നവംബർ - ജനുവരി മാസങ്ങൾക്കിടയിൽ മേഖല -അതിരൂപത ഭാരവാഹികൾ മുന്നറിയിപ്പില്ലാതെ ഏതവസരത്തിലും തോട്ടം സന്ദർശിക്കുന്നതാണ്.
- ♦ തോട്ടത്തിൽ മികവും മറ്റ് പ്രവർത്തനങ്ങളും പരിഗണിച്ചായിരിക്കും സമ്മാനം നൽകുക.
- ♦ 1,2,3,സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് യഥാക്രമം 5000, 3000, 2000 രൂപവീതം ക്യാഷ് അവാർഡ് നൽകുന്നതായിരിക്കും. കൂടാതെ പ്രോത്സാഹന സമ്മാനവും നൽകുന്നതാണ്.

## 5) അതിരൂപതാതല അൽഫോൻസാക്വിസ്സ്

**നിബന്ധനകൾ**

1) 5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം.

2) ഒരുമേഖലയിൽ നിന്ന് 3 കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. പങ്കെടുക്കുന്ന 3 പേരുടെയും മാർക്കുകൾ കൂട്ടി ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന മേഖലയെ വിജയികളായി പ്രഖ്യാപിക്കുന്നതാണ്.

3) ഒരു ആൺ കുട്ടിയും ഒരു പെൺകുട്ടിയും നിർബന്ധമായും ഗ്രൂപ്പിൽ ഉണ്ടായിരിക്കണം.

4) ഓഗസ്റ്റ് 22 തിയതിക്കുള്ളിൽ മേഖലകളിൽ മത്സരം നടത്തി ഒന്നാംസ്ഥാനം കിട്ടുന്ന ടീമിന്റെ പേരു കൾ അതിരൂപതയിൽ തരേണ്ടതാണ്

5) പഠനഭാഗം: **'വി. അൽഫോൻസ ആത്മീയതയുടെ അനശ്വരദീപ്തി'** എന്ന പുസ്തകത്തിൽ **"എല്ലാം നിന്റെ ഇഷ്ടം"** എന്ന തലക്കെട്ട് മുതൽ **"മഹത്വം ഭൂമിയിലും സ്വർഗ്ഗത്തിലും"**ഉൾപ്പെടെ **'നവമാലിക'** **1,2,3** അദ്ധ്യായങ്ങളും. തലശ്ശേരി അതിരൂപതാ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച **'കാവൽക്കാരൻ'** എന്ന പുസ്തകത്തിലെ 1 മുതൽ 18 വരെയുള്ള പേജുകളും.

6) ഓഗസ്റ്റ് 29-ാം തിയതി അതിരൂപതാതല മത്സരം നടത്തപ്പെടുന്നു.

7) ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന ടീമിന് ട്രോഫിയും ക്യാഷ് അവാർഡും ഉണ്ടായിരിക്കും.

8) ഒന്നാം സ്ഥാനം നേടുന്ന ടീമിനെ മിഷൻ തീർത്ഥയാത്രയ്ക്ക് കൊണ്ടുപോകുന്നതായിരിക്കും.

9) Google Form - വഴിയാണ് മത്സരം നടത്തുന്നത്.

10) ഒരു കുടുംബത്തിൽനിന്ന് ഒരാൾക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ അനുവാദമുള്ളൂ.

11) കുറഞ്ഞ സമയ ദൈർഘ്യമേ മത്സരത്തിന് ഉണ്ടാവുകയുള്ളൂ വളരെ വേഗത്തിൽ ഉത്തരങ്ങൾ Complet ചെയ്യുക.

12) എല്ലാ ചോദ്യത്തിലും ഉത്തരങ്ങൾക്ക് പല option കൊടുക്കുന്നതാണ്. ശരി ഉത്തരങ്ങൾ Tick ചെയ്താൽ മതിയാകും.

13) ഓഗസ്റ്റ് 29-ാം തിയതി മത്സരം നടത്തപ്പെടുന്നു.

**6) വിയാനി ഡേ**

ആഗസ്റ്റ് 4-ാം തിയതി വി.ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്കൻമാരെയും ശാഖാ - മേഖലാ - രൂപതാ ഡയറക്ടർമാർ, ശാഖയ്ക്ക് പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന വൈദികർ, ബന്ധുക്കളും കുടുംബാംഗങ്ങളുമായ വൈദികർ, എന്നിവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ആശംസകളർപ്പിക്കുകയും ചെയ്യുവാൻ ബഹു.വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ. മേഖലാ ഭാരവാഹികളുടെ നേതൃത്വത്തിൽ മേഖലാ തലത്തിൽ വിയാനി ഡേ ആഘോഷപരിപാടികൾ സംഘടിപ്പിക്കുമല്ലോ.

**7) ഉപരിപഠന സ്കോളർഷിപ്പ്**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 10-ാം ക്ലാസ്സ് കഴിഞ്ഞ മിഷൻലീഗ് സജീവ അംഗങ്ങൾക്ക് നൽകി വരുന്ന രജതജൂബിലി ഉപരിപഠന സ്കോളർഷിപ്പിന് അർഹമായ അപേക്ഷകൾ വികാരിയച്ചന്റെ സാക്ഷ്യപത്രം, അംഗത്വകാർഡിന്റെ കോപ്പി എന്നിവയോടൊപ്പം ജൂലൈ 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കണമെന്ന് ജൂലൈമാസത്തെ ഗിരിദീപത്തിൽ കൊടുത്തിരുന്നു. എന്നാൽ ഇപ്പോഴത്തെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് ആഗസ്റ്റ് 15 വരെ അപേക്ഷ സമർപ്പിക്കാനുള്ള അവസരം ഉണ്ടായിരിക്കും എന്നകാര്യം ഓർമ്മിപ്പിക്കുന്നു.

**8) മിഷൻ ഞായർ കലണ്ടർ:**

മറ്റു ബുദ്ധിമുട്ടുകൾ ഉണ്ടായില്ല എങ്കിൽ ഈ വർഷവും മിഷൻ കലണ്ടർ കഴിഞ്ഞ വർഷത്തെ എണ്ണമനുസരിച്ച് മേഖലകളിൽ എത്തിക്കുന്നതാണ്. ശാഖകൾ അതിരൂപതയിൽ തന്നിരിക്കുന്ന എണ്ണത്തിൽ വ്യത്യാസം ഉണ്ടെങ്കിൽ അതിരൂപതാ ഓഫീസിൽ ഓഗസ്റ്റ് 20 ന് മുമ്പ് അറിയിക്കുമല്ലോ.

**9) കുഞ്ഞേട്ടൻ അനുസ്മരണം - സ്റ്റാറ്റസ് വീഡിയോ & പ്രഛന്ന വേഷ മത്സരം**

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക നേതാവ് ശ്രീ പി സി അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 12-ാം ചരമവാർഷികാനുസ്മരണം ഇപ്പോഴത്തെ സാഹചര്യം അനുസരിച്ച് ശാഖകളിൽ ഓഗസ്റ്റ് 8-ാം തിയതി ഞായറാഴ്ച നടത്തുമല്ലോ. അതിരൂപതാതല അനുസ്മരണം കരുവഞ്ചാൽ ശാഖയിൽ വച്ച് നടത്തപ്പെടുന്നതാണ്.

അതോടൊപ്പം ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ 5-ാം ക്ലാസ്സ് മുതൽ 7-ാംക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് പ്രച്ഛന്നവേഷ മത്സരവും 8-ാം ക്ലാസ്സ് മുതൽ 12-ാംക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് സ്റ്റാറ്റസ് വീഡിയോ മത്സരവും നടത്തപ്പെടുന്നു.

**A) നിബന്ധനകൾ - പ്രച്ഛന്നവേഷം**

1) 5-ാം ക്ലാസ്സ് മുതൽ 7-ാം ക്ലാസ്സ് വരെ ഉള്ള കുട്ടികൾക്കായിരിക്കും മത്സരം.

2) ഒരുശാഖയിൽ നിന്നും ഫസ്റ്റ് മാത്രമേ അതിരൂപതയിലേക്ക് അയക്കാവൂ.

3) പങ്കെടുക്കുന്ന കുട്ടികളുടെ പേര്, വീട്ടുപേര്, ഇടവക, മേഖല, ഫോൺ നമ്പർ, അംഗത്വ നമ്പർ എന്നിവ കൃത്യമായും രേഖപ്പെടുത്തിയിരിക്കണം.

4) അതിരൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം ആഗസ്റ്റ് 15

5) അയ്ക്കേണ്ട മെയിൽ - cmltly01@gmail.com

**B) നിബന്ധനകൾ - സ്റ്റാറ്റസ് വീഡിയോ**

1) 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ ഉള്ള കുട്ടികൾക്കായിരിക്കും മത്സരം.

2) ഒരുശാഖയിൽ നിന്നും ഫസ്റ്റ് മാത്രമേ അതിരൂപതയിലേക്ക് അയക്കാവൂ. (ആൺ, പെൺ വിത്യാസം ഇല്ല)

3) കുഞ്ഞേട്ടന്റെ ജീവിതത്തിൽ ആദരവർപ്പിക്കുന്നവിധത്തിലും, ആസ്വാദകർക്ക് പ്രചോദനം നൽകുന്ന വിധത്തിലും ആയിരിക്കണം സ്റ്റാറ്റസ് വീഡിയോ തയ്യാറിക്കേണ്ടത്.

4) സമയദൈർഘ്യം 25 സെക്കന്റിനും 30 സെക്കന്റിനും ഇടയിൽ.

5) വിഷയ ബന്ധിതമായിരിക്കുന്നവയും, മനോഹരവും ഏറ്റവും ആകർഷമായും തയ്യാറാക്കുന്നവയായിരിക്കും പരിഗണിക്കുന്നത്.

6) പങ്കെടുക്കുന്ന കുട്ടികളുടെ പേര്, വീട്ടുപേര്, ഇടവക, മേഖല, ഫോൺ നമ്പർ, അംഗത്വ നമ്പർ എന്നിവ കൃത്യമായും രേഖപ്പെടുത്തിയിരിക്കണം.

7) അതിരൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം ആഗസ്റ്റ് 15

8) അയ്ക്കേണ്ട നമ്പർ - **9400062913**

**11) ജെയ്സൺ മർക്കോസ് അനുസ്മരണം**

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ ഭാരവാഹിയായിരിക്കേ ആകസ്മികമായി മരണമടഞ്ഞ ശ്രീ ജെയ്സൺ മർക്കോസ് പാലയൂർ പൂവത്തിങ്കിൽ 3-ാം ചരമവാർഷിക അനുസ്മരണം ഓഗസ്റ്റ് 3 ന് പേരാവൂർ ഫോറോനപ്പള്ളിയിൽ വച്ച് നടക്കും.

**12) മേഖലാ ഇലക്ഷൻ**

ചെറുപുഷ്പ മിഷൻലീഗിന്റെ 2021 - 2023 വർഷത്തേക്കുള്ള മേഖലാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ഓരോ മേഖലയും അവരുടെ സാഹചര്യം അനുസരിച്ച് സെപ്റ്റംബർ 15 നകം നടത്തി ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ. മേഖലാ ഇലക്ഷൻ അതിരൂപതാ ഭാരവാഹികളുടെ സാന്നിധ്യത്തിൽ ആണ് നടത്തേണ്ടത്. മേഖലാ ഇലക്ഷൻ നടത്തുന്ന തിയതി നേരത്തെതന്നെ അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**13)ശാഖാ - മേഖലാ ഭാരവാഹികളുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

ഇപ്പോഴത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് 2021- 2022 വർഷത്തെ ശാഖാ - മേഖലാ വാർഷിക റിപ്പോർട്ടിൽ ഈ ഒരു വർഷത്തേക്ക് സംസ്ഥാനസമിതി മാറ്റം വരുത്തിയിട്ടുണ്ട്. അതനുസരിച്ച് പുതിയ വാർഷിക റിപ്പോർട്ട് ഫോം ഉടനെ തന്നെ മേഖലകളിൽ എത്തിക്കുന്നതായിരിക്കും. മേഖലകളുടെ ഉത്തരവാദിത്വത്തിൽ ശാഖകളിൽ ഫോം ലഭ്യമാക്കുന്നതായിരിക്കും. 2021 -2022 വർഷത്തെ പ്രവർത്തനങ്ങൾ അടുത്തവർഷം അതിരൂപതയിൽ തരുമ്പോൾ ആ ഫോമിൽ ആണ് എഴുതി തരേണ്ടത്. അതോടൊപ്പം ശാഖാ - മേഖലാ പ്രതിമാസ റിപ്പോർട്ടിന്റെ പുതിയ ഫോം നൽകുന്നതായിരിക്കും. അതതു മാസത്തിൽ എഴുതി അതിരൂപതയിലേയ്ക്ക് അയച്ച് തരുമല്ലോ.

**14) പൂമ്പാറ്റ ആംഗ്യപ്പാട്ട് മത്സരം - നിബന്ധനകൾ**

- 5-ാം ക്ലാസ്സുമുതൽ 10 ക്ലാസ്സ് വരെയുള്ള ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും മത്സരത്തിൽ പങ്കെടുക്കാം.
- മത്സരത്തിൽ 4 മുതൽ 8 പേർക്കുവരെ പങ്കെടുക്കാം
- പങ്കെടുക്കുന്നവർക്ക് അംഗത്വ കാർഡ് നിർബന്ധമാണ്.
- പാട്ട് സ്വയം എഴുതി അതിന് സംഗീതം നൽകി റെക്കോർഡ് ചെയ്ത ഗാനമാണ് ഉപയോഗിക്കേണ്ടത്
- സി. ഡിയിലോ, പെൻഡ്രൈവിലോ ആക്കി നവംബർ 30 ന് മുമ്പ് അതിരൂപതയിൽ എത്തിക്കുക.

- 3 മിനിട്ടു മുതൽ 5 മിനിട്ടുവരെ നീളുന്ന ഗാനങ്ങൾ ഉപയോഗിക്കാവുന്നതാണ്.
- ടെക്നിക്കൽ കാര്യങ്ങൾക്ക് മുതിർന്നവരുടെ സഹായം തേടാവുന്നതാണ്.
- ഒന്നാം സ്ഥാനം - 3000 രൂപയും, രണ്ടാം സ്ഥാനം - 2500 രൂപയും, മൂന്നാം സ്ഥാനം - 2000 രൂപയും. പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹനസമ്മാനവും ഉണ്ടായിരിക്കും
- ബൈബിൾ അധിഷ്ഠിതമായിരിക്കണം ഗാനങ്ങൾ

**15) ക്ലിക്ക് ഷോട്ട് - നിബന്ധനകൾ**

- 5-ാം ക്ലാസ്സുമുതൽ12 ക്ലാസ്സ് വരെയുള്ള ആൺകുട്ടി കൾക്കും പെൺകുട്ടികൾക്കും മത്സരത്തിൽ പങ്കെടുക്കാം.
- സ്ക്രിപ്റ്റ് സ്വയം രചിച്ചതാവണം
- ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായ് എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം ഷോർട്ട് ഫിലിം.
- 4 മിനിട്ടിൽ കൂടുതൽ ദൈർഘ്യമുള്ളവ മത്സരത്തിൽ പരിഗണിക്കുന്നതല്ല.
- മിഷൻലീഗിൽ അംഗത്വമുള്ള എത്ര കുട്ടികൾക്കുവേണമെങ്കിലും ഷോർട്ട് ഫിലിമിൽ അഭിനയിക്കാം.
- സി. ഡിയിലോ, പെൻഡ്രൈവിലോ ആക്കി നവംബർ 30 ന് മുമ്പ് അതിരൂപതയിൽ എത്തിക്കുക.
- ഒന്നാം സ്ഥാനം - 3000 രൂപയും, രണ്ടാം സ്ഥാനം - 2500 രൂപയും, മൂന്നാം സ്ഥാനം - 2000 രൂപയും. പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹനസമ്മാനവും ഉണ്ടായിരിക്കും

**16) ഹൃദ്യമായ സ്വാഗതം**

വായാട്ടുപറമ്പ് മേഖലാ ഡയറക്ടറായി നിയമിതനായിരുക്കുന്ന ബഹുമാനപ്പെട്ട ഫിലിപ്പ് മുട്ടുമണ്ണിൽ അച്ചനും, ചെറുപുഴ മേഖലാ ഡയറക്ടറായി നിയമിതനായിരിക്കുന്ന ജോസഫ് ഏഴുപറയിൽ അച്ചനും, തോമാപുരം മേഖലാ ഡയറക്ടറായി നിയമിതനായിരുക്കുന്ന തോമസ് കീഴാരത്തിൽ അച്ചനും, പൈസക്കരി മേഖലാ ഡയറക്ടറായി നിയമിതനായിരുക്കുന്ന വർഗ്ഗീസ് കളപ്പുരയ്ക്കൽ അച്ചനും, നെല്ലിക്കാംപോയിൽ മേഖലാ ഡയറക്ടറായി നിയമിതനായിരുക്കുന്ന ജോസഫ് കാഞ്ഞിരത്തിങ്കൽ അച്ചനും, വെള്ളരിക്കുണ്ട് മേഖലാ ഡയറക്ടറായി നിയമിതനായിരുക്കുന്ന ജോസഫ് കളപ്പുരയ്ക്കൽ അച്ചനും,

തളിപ്പറമ്പ് മേഖലാ വൈസ് ഡയറക്ടറായി നിയമിതയായിരുക്കുന്ന സി. ജ്യോത്സന എഫ് സി സി, മേരിഗിരി മേഖലാ വൈസ് ഡയറക്ടറായി നിയമിതയായിരുക്കുന്ന സി. റാണി എം എസ് എം ഐ, വായാട്ടുപറമ്പ് മേഖലാ വൈസ്ഡയറക്ടറായി നിയമിതയായിരുക്കുന്ന സി. ടെർസിറ്റ എൻ എസ്, കാഞ്ഞങ്ങാട് മേഖലാ വൈസ്ഡയറക്ടറായി നിയമിതയായിരുക്കുന്ന സി. കൃപാ സി. എം. സി, എന്നിവർക്ക് ചെറുപുഷ്പ മിഷൻലീഗ് കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതവും പ്രാർത്ഥനാശംസകളും...

**17) എംബ്ല നിർമ്മാണം അതിരൂപതാതല വിജയികൾ**

| | | |
|---|---|---|
| Ist | ആഷിസ് മേത്തല | - കോലുവള്ളി |
| IInd | ജിജോ ചെരിയംകുന്നേൽ | - കരിക്കോട്ടക്കരി |
| IIIrd | അലക്സ് കട്ടക്കയം | - പുഞ്ച |

**18) അതിരൂപതാതല അംഗത്വസ്വീകരണവും സെന്റ് തോമസ് ദിനാചരണവും**

അതിരൂപതാതല അംഗത്വസ്വീകരണം; സെന്റ് തോമസ് ദിനാചരണം അരിവിളഞ്ഞപോയിൽ ശാഖയിൽ വച്ച് ഫാ. തോമസ് മേനപ്പാട്ട്പടിക്കലിന്റെ നേതൃത്വത്തിൽ അതിരൂപതാ ജനറൽ ഓർഗനൈസർ ശ്രീ സുനിൽ ചെന്നിക്കര, സംസ്ഥാന പ്രതിനിധി ശ്രീ ഷിജോ പുതുപ്പറമ്പിൽ എന്നിവരുടെ സാന്നിധ്യത്തിൽ നടന്നു. ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളെ ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലേക്ക് ഔദ്യോഗികമായി സ്വീകരിക്കുന്ന പ്രാർത്ഥനാ ശുശ്രൂഷയും അംഗത്വസ്വീകരണവും നടത്തി. അംഗത്വസ്വീകരണത്തിന് വേണ്ട ക്രമീകരണങ്ങൾ ചെയ്ത ബഹുമാനപ്പെട്ട തോമസ് അച്ചനും ശാഖാ ഭാരവാഹികൾക്കും അതിരൂപതാകുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**19) എയ്ഞ്ചൽ വോയ്സ്**

എഫാത്ത റേഡിയോയുമായി സഹകരിച്ച് നടന്ന ലിറ്റിൽ വോയ്സ് എന്ന പ്രോഗ്രാമിൽ വിവിധ പരിപാടികൾ അവതരിപ്പിച്ച എല്ലാ എല്ലാ ശാഖകൾക്കും നേതൃത്വം നൽകിയ വൈസ്ഡയറക്ടേഴ്സിനും, ഭാരവാഹികൾക്കും പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും.

**20) യുവജനദിനം**

യുവജനദിനത്തോടനുബന്ധിച്ച് 05-07-21 ന് സന്ദേശഭവനിൽ വച്ച് യുവജന പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകുന്ന അതിരൂപതാ ഡയറക്ടർ ബഹുമാനപ്പെട്ട തോമസ് വാളിപ്ലാക്കൽ അച്ചനെയും ആനിമേറ്റർ സി. പ്രീതി മരിയയെയും ആദരിക്കുകയും സമ്മാനങ്ങൾ നൽകു

കയും ചെയ്തു.

**21) എയ്ഞ്ചൽസ് മീറ്റ്**

26.06.2021 ശനിയാഴ്ച രാത്രി 7 മണി മുതൽ 8.30 വരെ ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെയും അവരുടെ മാതാപിതാക്കളുടെയും സംഗമം ചേർന്നു. തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവ് മുഖ്യപ്രഭാഷണം നടത്തി. തലശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് ക്ലാസ്സിന് നേതൃത്വം കൊടുത്തു. എയ്ഞ്ചൽസ് മീറ്റിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും അതിരൂപതാകുടുംബത്തിന്റെ നന്ദി.

**22) സൗഹൃദം**

08.07.2021 വ്യാഴാഴ്ച സൗഹൃദം എന്നപേരിൽ മുൻകാലഭാരവാഹികളുടെ സംഗമംചേർന്നു. മീറ്റിൽ പങ്കെടുത്ത എല്ലാ മുൻകാല ഡയറക്ടർ അച്ചൻമാർക്കും, വൈസ് ഡയറക്ടേഴ്സ് സിസ്റ്റേഴ്സിനും, ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**23)ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും**

2019 – 2021 വർഷങ്ങൾ നെല്ലിക്കാംപോയിൽ മേഖലയെ ഊർജ്ജസ്വലതയോടെ നയിച്ച എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് അതിരൂപതാകുടുംബത്തിന്റെ ഹൃദയംനിറഞ്ഞ നന്ദി. അതോടൊപ്പം 2021 – 2023 വർഷങ്ങൾ സംഘടനയെ കർമ്മധീരതയോടെ നയിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട പുതിയ ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ. നെല്ലിക്കാംപോയിൽ മേഖല ഇലക്ഷന് നേതൃത്വം നൽകിയ മലബാർ റീജിയണൽ ഓർഗനൈസർ ശ്രീ ബേബി പ്ലാശ്ശേരി, അതിരൂപതാ ജനറൽ ഓർഗനൈസർ ശ്രീ സുനിൽ ചെന്നിക്കര എന്നിവർക്ക് നന്ദി.

**24)പ്രതിഷേധം**

07.07.21 ന് സ്റ്റാൻസ്വാമി അച്ചന്റെ നിര്യാണത്തിൽ അതിരൂപതാ എക്സിക്യൂട്ടീവ് പ്രതിഷേധ പ്രമേയം പാസ്സാക്കി അവതരിപ്പിച്ചു. അതോടൊപ്പം 13.07.21 ന് സീറോമലബാർ സഭയുടെ ഡൽഹിയിലെ ലാഡോസറായിലെ പള്ളി അനധികൃതമായി പൊളിച്ചു നീക്കിയതിൽ അതിരൂപതയുടെ നേതൃത്വത്തിൽ എല്ലാ മേഖലകളിലും ശാഖകളിലും പ്രതിഷേധം അറിയിച്ചു.

**25) ജൂബിലിഒരുക്കം**

പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ജൂലൈ 20 മുതൽ ഒക്ടോബർ 3 വരെ (75 ദിവസം) മുൻകാല അതിരൂപതാ ഭാരവാഹികളുടെ

സന്ദേശം **"ജൂബിലിയൊരുക്കം"** എന്നപേരിൽ എല്ലാ ദിവസവും വാട്സ്ആപ്പിൽ നല്കുന്നു. മേഖലാ - ശാഖാ ഭാരവാഹികളുടെ നേതൃത്വത്തിൽ കുട്ടികളിൽ ഈ സന്ദേശം എത്തിക്കുമല്ലോ. അതോടൊപ്പം അതിരൂപതയിൽ ചെറുപുഷ്പ മിഷൻലീഗിന്റെ വളർച്ചക്കായി ത്യാഗപൂർവ്വം യത്നിച്ചിട്ടുള്ള എല്ലാ മുൻകാല ഭാരവാഹികൾക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു.

**26)ശാഖാ സന്ദർശനങ്ങൾ**

വായാട്ടുപറമ്പ്, ഓടംതോട്, ഉമ്മർപൊയിൽ എന്നീ ശാഖകൾ അതിരൂപതാ ഭാരവാഹികൾ സന്ദർശിച്ചു.

**27)സെമിനാറുകൾ, ക്യാമ്പുകൾ**

25-06-21 ന് മാനന്തവാടി രൂപതാ റീജിയണൽസംഗമം ശ്രീ സുനിൽ കല്ലിടുക്കിൽ ഉദ്ഘാടനം ചെയ്തു. 01-07-21 ന് തോമാപുരം മേഖലാ മാനേജിംഗ് കമ്മറ്റിയിൽ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ക്ലാസ്സ് എടുത്തു. 01-07-21 ന് തളിപ്പറമ്പ് ശാഖയിലും, ചെറുപുഴ മേഖലയിലും ഫാ. ജോസഫ് വടക്കേപ്പറമ്പിൽ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. 04-07-21 ന് തളിപ്പറമ്പ് മേഖലാ പ്രവർത്തനവർഷം ഫാ. ജോസഫ് വടക്കേപ്പറമ്പിൽ അനുഗ്രഹപ്രഭാഷണം നടത്തി. 04-07-21 ന് വിമലശ്ശേരി ശാഖയിൽ ദുക്റാനത്തിരുന്നാൾ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു.10-07-21 ന് എടൂർ മേഖലാ എയ്ഞ്ചൽസ് മീറ്റിൽ ഡയറക്ടർ പങ്കെടുത്തു.18-07-21 ന് ചെറുപുഴ മേഖലാ മാനേജിംഗ് കമ്മറ്റി ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു.

**28)ആദരാഞ്ജലികൾ**

കർമ്മ വീഥികളിൽ കർമ്മനിരതരായിരുന്നുകൊണ്ട് ഈ ഭൂമിയിൽ ദൈവം തന്നെ ഭരമേൽപിച്ച ഉത്തരവാദിത്വങ്ങൾ അതിന്റെ പൂർണ്ണതയിൽ നിർവഹിച്ച് നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ട ബഹുമാനപ്പെട്ട ജോസഫ് കീച്ചൻകേരിയിൽ അച്ചനും, ബഹുമാനപ്പെട്ട സ്റ്റാൻസ്വാമി അച്ചനും, ആലക്കോട് മേഖലാ ഡയറക്ടർ ബഹുമാനപ്പെട്ട തോമസ് മേനപ്പാട്ട്പടിക്കൽ അച്ചന്റെ വത്സല പിതാവ് ജേക്കബ് മേനപ്പാട്ട്പടിക്കൽ എന്നിവർക്ക് അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**

അതിരൂപതാ ഡയറക്ടർ

## തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളും സ്വാതന്ത്ര്യദിനവും നാം ആഘോഷിക്കുമ്പോൾ പരിശുദ്ധ അമ്മയോട് ചേർന്ന് നിന്നുകൊണ്ട് കാരുണ്യത്തിന്റെ; സ്നേഹത്തിന്റെ പാതയിലൂടെ നമ്മുടെ മാതൃരാജ്യത്തിന്റെ സമഗ്ര വളർച്ചയ്ക്കുവേണ്ടി നമുക്ക് പരിശ്രമിക്കാം. സ്വർഗ്ഗാരോപണതിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും പ്രാർത്ഥനാ പൂർവ്വകമായ മംഗളങ്ങളും ആശംസകളും.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : സ്വർഗ്ഗാരോപണ തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : വി. ജോൺ മരിയ വിയാനി |
| പ്രാർത്ഥനാനിയോഗം | : എല്ലാ ഇടവകാ വൈദികർക്കുംവേണ്ടി |
| സുകൃതജപം | : എന്റെ അമ്മേ, എന്റെ ആശ്രയമേ |
| വചനം | : ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ (വി. ലൂക്കാ1:38) |
| പ്രവൃത്തി | : ഫോൺ വിളിച്ച് സുഖാന്വേഷണം നടത്തുക. |
| മന:പാഠമാക്കുക | : പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ 12 പഠിക്കുക. |
| എയ്ഞ്ചൽസ് വോയ്സ് | : മാതാവിനെക്കുറിച്ചുള്ള ഭക്തിഗാന മത്സരം |

### 1) ശാഖകൾ ശ്രദ്ധിക്കാൻ

| | |
|---|---|
| 1 ഞായർ | : പതിനഞ്ച് നോമ്പ് ആരംഭം |
| 4 ബുധൻ | : വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ |
| 14 ശനി | : വി. മാക്സ്മില്യൻ കോൾബേയുടെ തിരുനാൾ |
| 15 ഞായർ | : പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാൾ, ഇന്ത്യൻ സ്വാതന്ത്ര്യദിനം |
| 29 ഞായർ | : അൽഫോൻസാ ക്വിസ്സ്, വി.എവുപ്രാസ്യാമ്മയുടെ തിരുനാൾ |

### 2) വിയാനി ഡേ

ആഗസ്റ്റ് 4-ാം തിയതി വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ അഭിവന്ദ്യ പിതാക്കൻമാർക്കും ബഹുമാനപ്പെട്ട വികാരിയച്ചനും ആശംസകളർപ്പിക്കുവാനും എല്ലാവൈദികർക്കുംവേണ്ടി പ്രാർത്ഥിക്കുവാനും കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**3) മാതാവിന്റെ പാട്ട് ഗാനാലാപന മത്സരം**

തിരുബാലസഖ്യം കുട്ടികൾക്കായി മാതാവിന്റെ പാട്ട് ഗാനാലാപന മത്സരം നടത്തുന്നു. പാട്ട് ആലപിക്കുന്നതിന് മുമ്പ് പേര്, വിട്ടുപേര്, ഇടവക, എന്നിവ പറഞ്ഞിരിക്കണം. ഫോൺനമ്പർ ആരും പറയേണ്ടതില്ല. ഒരുപാട്ടിന്റെ പല്ലവി, അനുപല്ലവി, വീണ്ടും പല്ലവി പാടി അവസാനിപ്പിക്കേണ്ടതാണ്. പാട്ട് പാടി വീഡിയോ എടുത്ത് holychildhoodtly01@gmail.com എന്ന emil അക്കൗണ്ടിലേക്ക് അയക്കുക. ശാഖയിൽ മത്സരം നടത്തി ഒന്നാം സ്ഥാനം ലഭിക്കുന്ന പാട്ട് അതിരൂപതയിലേക്ക് അയ്ക്കുക. ആൺ, പെൺ വിത്യാസം ഇല്ല. സംഗീതോപകരണങ്ങൾ അനുവദനീയമല്ല. ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് സമ്മാനം നൽകുന്നതായിരിക്കും. അതിരൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം ഓഗസ്റ്റ് 20.

**4) ശാഖാ ആനിമെറ്റേഴ്സിന്റെ ശ്രദ്ധയ്ക്ക്**

തിരുബാലസഖ്യം മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും, അതതുമാസങ്ങളിൽ ഗിരിദീപത്തിൽ ഇടുന്നകാര്യങ്ങളും കൃത്യമായി വായിച്ച് ശാഖാ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലതയോടെ ചെയ്യുമല്ലോ.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**

അതിരൂപതാ ഡയറക്ടർ